# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1190 01.07.2015-ൽ മറുപടിയ്ക്ക്

### എസ്റ്റേറ്റുകൾ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നത്

ചോദ്യം

ശ്രീ.പി.സി. ജോർജ്

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള, ഹാരിസൺ വില്പന നടത്തിയ എത്ര എസ്റ്റേറ്റുകൾ സർക്കാർ ഏറ്റെടുക്കും; ഇവ ഏതൊക്കെയാണ്; എവിടെയുള്ളഭൂമി; എത്ര ഏക്കർ വീതം ; ആർക്ക് വില്പന നടത്തിയ സ്ഥലങ്ങളാണ് ഏറ്റെടുക്കുന്നതെന്നും വിശദമാക്കാമോ ; | കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ M/s.ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശം വയ്ക്കുന്ന ഭൂമി, പ്രസ്തുത കമ്പനി അനധികൃതമായി വിൽപ്പന നടത്തിയ ഭൂമി എന്നിവയിൽ നാളിതുവരെ കേരള ഭൂസംരക്ഷണ നിയമപ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള കേസുകളും, തീയതിയും, ഭൂമിയുടെ വിസ്തീർണ്ണവും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇങ്ങനെ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഉടമകൾ കോടതിയിൽ കേസ് നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിവാക്കുമോ ; | ഭൂമി ഏറ്റെടുക്കുന്നതിനെതിരെ കമ്പനികൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജികൾ ചുവടെ ചേർക്കുന്നു:- |

| | |
|---|---|
| M/s.ഹാരിസൺസ് മലയാളം ലിമിറ്റഡ് | WP(C) 33122/2014 |
| M/s.ബോയിസ് റബ്ബർ എസ്റ്റേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി | WP(C) 11598/2015 |
| M/s.ട്രാവൻകൂർ റബ്ബർ & റ്റീ കമ്പനി | WP(C) 10962/2015 |
| ഗോസ്പൽ ഫോർ എഷ്യ | WP(C) 10640/2015 |
| M/s.റിയാ റിസോർട്ട് & പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് | WP(C) 10320/2015 |

മേൽ റിട്ട് ഹർജികളിൽ M/s.ഹാരിസൺസ് മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത WP(C)-33122/2014 പ്രകാരം പ്രസ്തുത ഭൂമിയിൽ കേരള ലാൻഡ് കൺസർവൻസി ആക്ട് പ്രകാരമുള്ള

| | | |
|---|---|---|
| | | നടപടികൾ ബാധകമാക്കാൻ സർക്കാരിന് അധികാരമുണ്ടോ എന്ന വിഷയം മാത്രം ബഹു.ഹൈക്കോടതി പരിശോധിച്ച് വരുന്നു. മറ്റ് നാല് റിട്ട് ഹർജികളും ടി കേസ്സിനൊപ്പം കേൾക്കാൻ ബഹു.ഹൈക്കോടതി തീരുമാനിച്ചിട്ടുള്ളതിനാൽ, അന്തിമ ഉത്തരവ് പ്രകാരം ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്ന നടപടികൾ മാത്രം നിറുത്തിവയ്ക്കാനും എന്നാൽ അന്തിമ ഉത്തരവിന്റെ തൽസ്ഥിതി തുടരുന്നതിനും ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത തോട്ടങ്ങളിൽ പണി എടുത്തിരുന്ന തൊഴിലാളികളെ സംരക്ഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് വിശദീകരിക്കുമോ ; | (സി)യും (ഡി)യും<br><br>ബഹു.ഹൈക്കോടതിയുടെ ഇടക്കാല വിധിന്യായത്തിലെ നിർദ്ദേശം അനുസരിച്ച് കേരള ലാൻഡ് കൺസർവൻസി നിയമപ്രകാരം ഉത്തരവായ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ നിർത്തിവച്ചിട്ടുണ്ട്. സർക്കാരിലേയ്ക്ക് ടി ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി സംരക്ഷിക്കുന്നത് സംബന്ധിച്ചും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ചും യുക്തമായ തീരുമാനം എടുക്കുന്നതാണ്. |
| (ഡി) | ഈ ഏറ്റെടുക്കുന്ന ഭൂമി എങ്ങനെ സംരക്ഷിക്കാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ? | |

C.K.V. Kunny

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം**</u>

| ക്രമ നം. | ഉത്തരവ് നമ്പർ | ഏറ്റെടുത്ത തീയതി | കൈവശക്കാരൻ | ജില്ല | വിസ്തീർണ്ണം ഏക്കറിൽ |
|---|---|---|---|---|---|
| 1 | GLR(LR)-4/2013 | 01.12.2014 | M/s.ഹാരിസൺസ് മലയാളം ലിമിറ്റഡ് | കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി | 29,185.43 |
| 2 | GLR(LR)-63/2014 | 08.05.2015 | M/s.ബോയിസ് റബ്ബർ എസ്റ്റേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | ഇടുക്കി | 1,665.00 |
| 3 | GLR(LR)-46/2015 | 28.05.2015 | M/s.ട്രാവൻകൂർ റബ്ബർ & റ്റീ കമ്പനി ലിമിറ്റഡ് | കൊല്ലം | 2,699.97 |
| 4 | GLR(LR)-90/2014 | 28.05.2015 | ഗോസ്പൽ ഫോർ എഷ്യ | കോട്ടയം | 2,263.97 |
| 5 | GLR(LR)-88/2014 | 28.05.2015 | M/s.റിയാ റിസോർട്ട് & പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് | കൊല്ലം | 206.51 |
| **ആകെ** | | | | | **36,020.88** |

e.k.v.kumar